**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1373**

**30.09.2011- ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**കാപ്പി കർഷകരുടെ കടങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്രസർക്കാർ കാപ്പി കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ യെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) ഉണ്ട്.<br>കടക്കെണിയിൽപ്പെട്ട ചെറുകിട കാപ്പി കർഷകർക്ക് ആശ്വാസം നൽകുന്നതിനായി 2010 ജൂണിൽ, "കോഫി ഡെബ്റ്റ് റിലീഫ് പാക്കേജ് 2010" എന്ന പേരിൽ 241.33 കോടി രൂപയുടെ സാമ്പത്തിക ബാധ്യത വരുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇടത്തരം/വൻകിട കാപ്പി കർഷകർക്കും പദ്ധതിയുടെ കീഴിൽ വായ്പാ പുനർക്രമീകരണത്തിന് അർഹതയുണ്ട്. പദ്ധതിയനുസരിച്ച് 2002 ന് മുമ്പ് എടുത്ത വായ്പകളിന്മേൽ, ഒരു കർഷകന് പരമാവധി 5 ലക്ഷം രൂപയുടെ ആനുകൂല്യം എന്ന മാനദണ്ഡത്തിന് വിധേയമായി, ആകെ ബാധ്യതയുടെ 50% കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നതും 25% ബാങ്കുകൾ എഴുതിത്തള്ളുന്നതും ബാക്കി വരുന്ന തുക പുനക്രമീകരിക്കുകയും ചെയ്യുന്നതാണ്. ക്രോപ്പ് ലോണുകളിന്മേൽ, ഒരു കർഷകന് പരമാവധി 1 ലക്ഷം രൂപ എന്ന മാനദണ്ഡത്തിന് വിധേയമായി, ആകെ ബാധ്യതയുടെ 10% കേന്ദ്ര സർക്കാരും 10% ബാങ്കും (ആകെ 20%) ഏറ്റെടുക്കുന്നതാണ്. 2002 ന് ശേഷമുള്ള ലോണുകളിൽ, ഒരു കർഷകന് പരമാവധി 1 ലക്ഷം രൂപ എന്ന മാനദണ്ഡത്തിന് വിധേയമായി, ബാധ്യതയുടെ 10% കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നതാണ് |

ബി) പ്രസ്തുത പദ്ധതിമൂലം കേരളത്തിലെ കാപ്പി കൃഷിക്കാർക്ക് എന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുമെന്ന് അറിയിക്കാമോ;

സി) കാപ്പി കർഷകർക്ക് പദ്ധതിയുടെ പ്രയോജനം പരമാവധി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ബി) & സി) കോഫീ ബോർഡ് പ്രസ്തുത പാക്കേജ് പൂർണ്ണമായും നടപ്പാക്കിയിട്ടുള്ളതും പാക്കേജിന് കീഴിൽ വരുന്ന ഫണ്ട് പൂർണ്ണമായും ഉപയോഗിച്ചിട്ടുള്ളതുമാണ്. കേരളത്തിലെ കാപ്പി കർഷകർക്ക് പദ്ധതിവഴി ലഭിച്ച ആനുകൂല്യങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ | ഗുണഭോക്താക്കളുടെ എണ്ണം | ലഭിച്ച തുക (രൂപ) |
|---|---|---|
| 2002 ന് മുമ്പ് എടുത്ത വായ്പകൾ | 6267 | 15,13,98,805 |
| ക്രോപ് ലോൺ | 32509 | 7,59,44,589 |
| 2002 ന് ശേഷമുള്ള വായ്പകൾ | 8451 | 6,11,90,877 |
| ആകെ: | 47227 | 28,85,34,271 |

സെക്ഷൻ ഓഫീസർ